ഇന്ന് പുണ്യത്തിന്റെ പൊങ്കാലപ്പകൽ

▶എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: ദേവിയെ കാപ്പുകെട്ടി പാട്ടുപന്തലിൽ കുടിയിരുത്തിയ നാൾ തൊട്ട് വ്രതപുണ്യമനുഷ്ഠിച്ച് ശുദ്ധിനേടിയ മനസുമായി കാത്തിരിക്കുന്ന സ്ത്രീജനങ്ങൾ അഭീഷ്ടവരദായിനിയായ ആറ്റുകാലമ്മയ്ക്ക് ഇന്ന് പൊങ്കാലയർപ്പിക്കും. ലക്ഷക്കണക്കിന് അടുപ്പുകളിൽ ഒരേ നേരം തീപകരുമ്പോൾ അനന്തപുരിയുടെ പകൽ യാഗഭൂമിയാകും. വരാനിരിക്കുന്ന അഭിവൃദ്ധിയുടെ സൂചനയായി പൊങ്കാലക്കലങ്ങളിൽ ദ്രവ്യങ്ങൾ തിളച്ചുതൂകി അമ്മയ്ക്ക് നിവേദ്യമാകുമ്പോൾ ഇത് പുണ്യത്തിന്റെ പൊങ്കാലപ്പകൽ.

ഇന്ന് രാവിലെ 9.45ന് ക്ഷേത്രത്തിൽപൊങ്കാലയ്ക്കു മുന്നോടിയായുള്ള പുണ്യാഹച്ചടങ്ങുകൾ നടക്കും. ക്ഷേത്രതന്ത്രി തെക്കേടത്ത് കുഴിക്കാട്ട് പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് ശ്രീകോവിലിൽ നിന്ന ദീപം പകർന്ന് മേൽശാന്തി വിഷ്ണു നമ്പൂതിരിക്ക് കൈമാറും.

വലിയ തിടപ്പള്ളിയിലെ അടുപ്പ് കത്തിച്ചശേഷം മേൽശാന്തി ദീപം സഹമേൽശാന്തിക്ക് കൈമാറും. ചെറിയ തിടപ്പള്ളിയിലെ അടുപ്പ് ജ്വലിപ്പിക്കുന്നത് സഹമേൽശാന്തിയാണ്.

ഇവിടെനിന്ന് 10.15ന് പണ്ടാരയടുപ്പിലേക്ക് തീ പകരും. ഈ സമയം ചെണ്ടമേളത്തിന്റെയും വെടിക്കെട്ടിന്റെയും അകമ്പടിയുണ്ടാകും. ഭക്തർവായ്ക്കുരവകളോടെ പുണ്യമുഹൂർത്തത്തെ വരവേറ്റ് പൊങ്കാലയടുപ്പുകൾ കത്തിക്കും.

ഉച്ചയ്ക്ക് 2.15നാണ് പൊങ്കാല നിവേദിക്കുന്നത്. ഈ സമയം ഹെലികോപ്ടറിൽനിന്ന് പുഷ്പവൃഷ്ടി ഉണ്ടാകും. തുടർന്ന് ക്ഷേത്രം ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുള്ള പൂജാരിമാർ ഭക്തരുടെ പൊങ്കാല അടുപ്പുകളിൽ തീർത്ഥം തളിക്കും. 250ഓളം പൂജാരിമാരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. പിന്നെ അമ്മയുടെ അനുഗ്രഹം മൺകലങ്ങളിലും മനസിലും നേടിയ ചാരിതാർത്ഥ്യത്തോടെ മടക്കം.

■സ്ത്രീജന പ്രവാഹം

ഇന്നലെ രാവിലെ മുതൽ ക്ഷേത്രപരിസരവും ആറ്റുകാലിൽ നിന്ന് അധികദൂരത്തിലല്ലാത്ത നഗരപ്രദേശങ്ങളും പൊങ്കാലയിടാനായി സ്ത്രീകൾ കൈയടക്കിക്കഴിഞ്ഞു.

ഒരാഴ്ചയായി പൊങ്കാല ഉത്സവത്തിന്റെ തിരക്കിലായ ആറ്റുകാൽ ക്ഷേത്രം പൊങ്കാലയർപ്പിക്കാൻ വിവിധ ദേശങ്ങളിൽ നിന്നുള്ള ഭക്തരുടെ വരവു കൂടിയായതോടെ തിരക്കിന്റെ മൂർദ്ധന്യത്തിലാണ്. ക്ഷേത്രത്തിന്റെ അഞ്ചര കിലോമീറ്റർ ചുറ്റളവിൽ ഇക്കുറി പൊങ്കാല അടുപ്പുകൾ നിരക്കുമെന്നാണ് കണക്കാക്കുന്നത്.

ആറ്റുകാൽ, മണക്കാട്, കമലേശ്വരം, ഐരാണിമുട്ടം, ബണ്ട് റോഡ്, കാലടി, കരമന, കിള്ളിപ്പാലം, ശ്രീപദ്മനാഭസ്വാമി ക്ഷേത്രപരിസരം തുടങ്ങി ക്ഷേത്രത്തോട് അടുത്ത സ്ഥലങ്ങളിലും കിഴക്കേകോട്ട മുതൽ കേശവദാസപുരം വരെയുള്ള എം.ജി റോഡിലുമായിരിക്കും കൂടുതൽ അടുപ്പുകൾ നിരക്കുക.

ഇതിനുപുറമേ ബൈപാസിലും നഗരത്തിലെ മറ്റ് ഇടറോഡുകളിലും പൊങ്കാലയടുപ്പുകൾ നിരക്കും. റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങളിലും അടുപ്പുകളുണ്ട്. നഗരപരിധിയിലുള്ള വിവിധ ക്ഷേത്രങ്ങളിലും പൊങ്കാലയിടാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

പൊങ്കാലയർപ്പിക്കാനെത്തുന്നവർക്ക് കുടിവെള്ളവും ഉച്ചഭക്ഷണവും വിവിധ സന്നദ്ധസംഘടനകളും ക്ലബുകളും റസിഡന്റ്സ് അസോസിയേഷനുകളും ആരാധനാലയങ്ങളും ഒരുക്കിയിട്ടുണ്ട്.

സർക്കാർ തലത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഗ്രീൻ പ്രോട്ടോക്കോൾ ഇത്തവണ കർശനമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് സാധനങ്ങൾക്കും കവറുകൾക്കും പ്രവേശനമില്ല. സുരക്ഷയ്ക്കായി 3700 പൊലീസുകാരും 1000 സന്നദ്ധ പ്രവർത്തകരും 100 വനിതാ കമാൻഡോ സംഘവും ഉണ്ടായിരിക്കും.

ക്ഷേത്രത്തിൽ നിന്നുള്ള അറിയിപ്പുകൾ കേൾക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മൈക്കിലൂടെ പൊലീസ് അറിയിപ്പും പ്രധാന പോയിന്റുകളിൽ ആംബുലൻസ്, ഓക്സിജൻ പാർലർ, ഫയർ എൻജിൻ തുടങ്ങി സംവിധാനവും ഉണ്ടായിരിക്കും. പൊങ്കാലയിട്ട് തിരിച്ചുപോകാൻ കെ.എസ്.ആർ.ടി.സിയുടെയും റെയിൽവേയുടെയും പ്രത്യേക സർവീസുകളും ഉണ്ടായിരിക്കും.

ആറ്റുകാൽ ദേവീക്ഷേത്രത്തിൽ ദർശനത്തിനെത്തിയ ഭക്തരുടെ തിരക്ക് ഫോട്ടോ: അജയ് മധു

ആറ്റുകാൽ ദേവിക്ക് പൊങ്കാല അർപ്പിക്കാൻ ക്ഷേത്രപരിസരത്ത് അടുപ്പുകൂട്ടി വിശ്രമിക്കുന്ന ഭക്തർ

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂമിലെ പ്രവർത്തനങ്ങൾ വിലയിരുത്താനെത്തിയ മന്ത്രി കെ.കെ. ശൈലജ ഉദ്യോഗസ്ഥർക്കൊപ്പം

സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്താനെത്തിയ കമ്മിഷണർ എസ്. സുരേന്ദ്രൻ ഡി.സി.പി ആർ. ആദിത്യയ്ക്കും വനിതാ സെൽ എസ്.പി ചൈത്രാ തെരേസാ ജോണിനുമൊപ്പം

കുത്തിയോട്ട ചൂരൽക്കുത്ത് വൈകിട്ട്

ദേവിയുടെ പുറത്തെഴുന്നള്ളത്തിന് മുന്നോടിയായുള്ള കുത്തിയോട്ട വ്രതക്കാർക്കുള്ള ചൂരൽക്കുത്ത് വൈകിട്ട് 7ന് തുടങ്ങും.

തുടർന്ന് മണക്കാട് ശാസ്താ ക്ഷേത്രത്തിലേക്ക് ദേവിയെ എഴുന്നള്ളിക്കും. ഇത്തവണ 815 ബാലന്മാരാണ് കുത്തിയോട്ട വ്രതമെടുത്തിരിക്കുന്നത്. നാളെ ചൂരൽ ഇളക്കുന്നതോടെ കുത്തിയോട്ട വ്രതം അവസാനിക്കും. അന്നു രാത്രി 9.15ന് കാപ്പഴിച്ച് കുടിയിളക്കിയ ശേഷം രാത്രി 12.15ന് നടത്തുന്ന കുരുതി തർപ്പണത്തോടെ ഈ വർഷത്തെ ഉത്സവത്തിന് സമാപനമാകും.

ആത്മീയ പ്രഭാഷണവുമായി ഉദയനൻ നായർ

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് കുത്തിയോട്ട വ്രതമനുഷ്ഠിക്കുന്ന കുട്ടികൾക്ക് ആത്മീയ പ്രഭാഷണം നടത്തുകയാണ് റിട്ടയേർഡ് ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസറും പരിസ്ഥിതി പ്രവർത്തകനുമായ ചൂഴമ്പാല സ്വദേശി ഉദയനൻ നായർ. കുത്തിയോട്ട ചരിത്രത്തിലാദ്യമായിട്ടാണ് കുട്ടികൾക്ക് ആത്മീയ പ്രഭാഷണം സംഘടിപ്പിക്കുന്നത്.

രാവിലെ 10 മുതൽ ഒരു മണിക്കൂർ നേരമാണ് ക്ഷേത്രത്തിനുള്ളിൽ വച്ച് കുട്ടികൾക്ക് ആത്മീയ പ്രഭാഷണം നൽകുന്നത്.

ഓംകാരം, പ്രണവ മന്ത്രം, ഗായത്രീ മന്ത്രം, രാമായണം, മഹാഭാരതം കഥകൾ, ഭഗവത് ഗീത തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾക്ക് ആത്മീയ പ്രഭാഷണം നൽകുന്നത്. കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ക്ഷേത്രം ഭാരവാഹികളിൽ നിന്നും ആത്മീയ പ്രഭാഷണവുമായി ബന്ധപ്പെട്ട നല്ല പ്രതികരണമാണ് ലഭിക്കുന്നതെന്നും ആത്മീയ പ്രഭാഷണം ഇന്നവസാനിക്കുമെന്നും ഉദയനൻ നായർ പറഞ്ഞു.

ആറ്റുകാലിൽ ഇന്ന്

രാവിലെ 4.30ന് പള്ളിയുണർത്തൽ, 5ന് നിർമ്മാല്യം, 5.30ന് അഭിഷേകം, 6.05ന് ദീപാരാധന, 6.40ന് ഉഷഃപൂജ, ദീപാരാധന, 8.30ന് പന്തീരടി പൂജ, ദീപാരാധന, 9.45ന് ശുദ്ധപുണ്യാഹം, 10.15ന് അടുപ്പുവെട്ട്, പൊങ്കാല, ഉച്ചയ്ക്ക് 2.15ന് ഉച്ചപൂജ, പൊങ്കാല നിവേദ്യം, ദീപാരാധന, 3ന് ഉഷഃശ്രീബലി, ഉച്ചശ്രീബലി, 6.45ന് ദീപാരാധന, രാത്രി 7.30ന് കുത്തിയോട്ടം ചൂരൽകുത്ത്, 11.15ന് പുറത്തെഴുന്നള്ളിപ്പ്, രാത്രി 10ന് കഥകളി (സന്താനഗോപാലം, കിരാതം)

വിഴിഞ്ഞം പദ്ധതിക്ക് പ്രതിഷേധ പൊങ്കാല

തിരുവനന്തപുരം: വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്നതിൽ പ്രതിഷേധിച്ച് വിഴിഞ്ഞം മദർ പോർട്ട് ആക്ഷൻ സമിതി ഇന്ന് രാവിലെ സെക്രട്ടേറിയറ്റ് പടിക്കൽ പ്രതിഷേധ പൊങ്കാല നടത്തും.

കേരളകൗമുദി - കസവുമാളിക സമ്മാന വിജയികൾ

കേരളകൗമുദിയും കസവുമാളികയും സംയുക്തമായി സംഘടിപ്പിക്കുന്ന ആറ്റുകാൽ സമ്മാന പദ്ധതിയുടെ ഇന്നലത്തെ വിജയികൾ

1.ശ്രീജ, ശ്രീജാഭവൻ, മണക്കാട്

2. അനഘ, ശ്രീനിലയം, ആനയറ

3. സൗമ്യ, കാട്ടിൽവീട്, വട്ടിയൂർക്കാവ്

4. ശ്രീകല, ലതാഭവൻ, കാലടി

വിമാനത്താവളം ഏറ്റെടുക്കാൻ വരുന്ന കോർപറേറ്റുകൾ വിഷമിക്കും: മുഖ്യമന്ത്രി

■ സ്വകാര്യവത്കരണത്തിനെതിരെ സമരവുമായി എൽ.ഡി.എഫ്

തിരുവനന്തപുരം: സംസ്ഥാന സർക്കാരിനെ മുഖവിലയ്ക്കെടുക്കാതെ തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കാൻ കോർപറേറ്റുകൾ തയ്യാറായാൽ അവരല്പം വിഷമിക്കേണ്ടിവരുമെന്നും കേരളം ഭരിക്കുന്നത് ഇടതുമുന്നണി സർക്കാരാണെന്ന് ഓർക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വിമാനത്താവളം സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ എൽ.ഡി.എഫ് സംഘടിപ്പിച്ച ബഹുജന കൺവെൻഷൻ വി.ജെ.ടി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോർപ്പറേറ്റുകളാണ് രാജ്യത്തിപ്പോൾ എല്ലാം തീരുമാനിക്കുന്നത്. വിമാനത്താവളത്തിന്റെ വില്പനയും അങ്ങനെ ഉണ്ടായതാണ്. കേന്ദ്രത്തിന്റെ നിർദ്ദേശാനുസരണമാണ് ലേലത്തിൽ പങ്കെടുക്കാനായി സംസ്ഥാന സർക്കാർ ടിയാൽ എന്ന കമ്പനി രൂപീകരിച്ചത്. സിയാൽ, കണ്ണൂർ വിമാനത്താവളം എന്നിവ നടത്തിയ പരിചയവും സംസ്ഥാന സർക്കാരിനുണ്ട്.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണത്തിനെതിരെ എൽ.ഡി.എഫ് വി.ജെ.ടി ഹാളിൽ സംഘടിപ്പിച്ച ബഹുജന കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. സി. ദിവാകരൻ എം.എൽ.എ, പന്ന്യൻ രവീന്ദ്രൻ, ആനാവൂർ നാഗപ്പൻ, എം. വിജയകുമാർ, വി. ശിവൻകുട്ടി, ജി.ആർ. അനിൽ തുടങ്ങിയവർ സമീപം

ഒന്നുകിൽ വിമാനത്താവളത്തിന്റെ ഉടമസ്ഥത എയർപോർട്ട് അതോറിട്ടിയിൽ നിലനിറുത്തണം. അല്ലെങ്കിൽ കേരള സർക്കാരിന് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ അദ്ധ്യക്ഷത വഹിച്ചു. എം.എൽ.എ മാരായ സി. ദിവാകരൻ, ഐ.ബി. സതീഷ്, സി.പി.ഐ കൺട്രോൾ കമ്മിഷൻ ചെയർമാൻ പന്ന്യൻ രവീന്ദ്രൻ, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ, സി.പി.ഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി സത്യൻ മൊകേരി, കിലെ ചെയർമാൻ വി. ശിവൻകുട്ടി, സി.പി.ഐ ജില്ലാ സെക്രട്ടറി അഡ്വ. ജി.ആർ. അനിൽ, ഡോ.എ. നീലലോഹിതദാസൻ നാടാർ, എം.എം. മാഹീൻ, ഫിറോസ് ലാൽ തുടങ്ങിയവർ പങ്കെടുത്തു. ഫിനാൻഷ്യൽ ബിഡ് നടക്കുന്ന 25ന് വഞ്ചനാദിനമായി ആചരിക്കുമെന്നും 28ന് എയർപോർട്ടിന് ചുറ്റും രക്ഷാവലയം തീർക്കുമെന്നും നേതാക്കൾ പറഞ്ഞു.

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചയാൾ പിടിയിൽ

ചിറയിൻകീഴ്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച കേസിലെ പ്രതി പൊലീസ് പിടിയിൽ. പെരുങ്ങുഴി കാട്ടുവിള മൂന്നുമുക്ക് മടവിളാകം വീട്ടിൽ റാസി (19) ആണ് പിടിയിലായത്. ചിറയിൻകീഴ് സ്റ്റേഷൻ സിവിൽ ഓഫീസർ നിയാസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ പിടികൂടിയത്. പോക്സോ നിയമപ്രകാരം കേസെടുത്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

തർക്കത്തിനിടെ അയൽക്കാരനെ വെട്ടിപ്പരിക്കേല്പിച്ചയാൾ അറസ്റ്റിൽ

ആര്യനാട്: അയൽവാസിയെ വെട്ടിപ്പരിക്കേല്പിച്ചശേഷം ഒളിവിൽ കഴിഞ്ഞിരുന്നയാളെ ആര്യനാട് പൊലീസ് അറസ്റ്റ് ചെയ്തു. കട്ടക്കാക്കുന്ന് സുനിതാ ഭവനിൽ ശശിധരൻ നായരാണ് (65) അറസ്റ്റിലായത്. കഴിഞ്ഞ 9ന് വിനോബാനികേതൻപാറമുക്കിൽകടവയ്ക്കുന്നതുമായുണ്ടായ തർക്കത്തിൽ കട്ടക്കാക്കുന്ന് തോട്ടരികത്ത് വീട്ടിൽ ചെല്ലപ്പൻപിള്ളയെ (65) മൺവെട്ടികൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയായിരുന്നു. സംഭവത്തിന് ശേഷം പ്രതി ഒളിവിൽപ്പോയി. ആര്യനാട് സർക്കിൾ ഇൻസ്പെക്ടർ ബി.അനിൽകുമാർ സബ് ഇൻസ്പെക്ടർ എസ്.വി.അജീഷ് എന്നിവർ നടത്തിയ അന്വേഷണത്തിൽ ഇയാൾ പിടിയിലാവുകയായിരുന്നു.

ഹോട്ടൽ ഹൈസിന്തിൽ ഫുഡ് ഫെസ്റ്റ്

തിരുവനന്തപുരം: തമ്പാനൂരിലെ പഞ്ചനക്ഷത്ര ഹോട്ടലായ ഹൈസിന്തിൽ ഇന്ന് മുതൽ 24 വരെ കെബാബ് ആൻഡ് ബിരിയാണി ഫുഡ് ഫെസ്റ്റിവൽ നടക്കും. ഇന്ന് രാത്രി 7.30ന് അത്താഴവിരുന്നോടെയാണ് ഫുഡ് ഫെസ്റ്റിവൽ ആരംഭിക്കുക.

വീട് കുത്തിത്തുറന്ന് മോഷണം

നേമം: പള്ളിച്ചലിന് സമീപം വീട് കുത്തിത്തുറന്ന് സ്വർണാഭരണങ്ങളും പണവും മോഷ്ടിച്ചു.

പുന്നമൂട് ചാനൽക്കര വാറുവിളാകത്ത് വീട്ടിൽ മനുവിന്റെ വീട്ടിലാണ് മോഷണം നടന്നത്. 2 പവന്റെ സ്വർണാഭരണങ്ങളും കാശ് സൂക്ഷിച്ചിരുന്ന വഞ്ചിയും നഷ്ടപ്പെട്ടു.

രണ്ട് ദിവസമായി വീട്ടിൽ ആരുമില്ലായിരുന്നു. സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥനായ മനുവും കുടുംബവും പുതിയ വീട്ടിലേക്ക് താമസം മാറുന്ന തിരക്കിലായിരുന്നു. ഇന്നലെ രാവിലെ 11ന് മടങ്ങി എത്തിയപ്പോഴാണ് വിവരം വീട്ടുകാർ അറിഞ്ഞത്. നേമം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

പൊലീസുകാരനെ കൈയേറ്റം ചെയ്ത പ്രതി പിടിയിലായി

ചിറയിൻകീഴ്: അസഭ്യം വിളിച്ചത് ചോദ്യംചെയ്യാനെത്തിയ പൊലീസുകാരനെ കൈയേറ്റം ചെയ്ത പ്രതി പിടിയിലായി.

വലിയ ഏലാ ഗാന്ധിമുക്ക് എരുമക്കാവ് വലിയവീട്ടിൽ ഉണ്ണി എന്ന സുനിൽകുമാറിനെയാണ് (42) പൊലീസ് അറസ്റ്റുചെയ്തത്. ഡ്യൂട്ടിയിലുണ്ടായിരുന്ന സീനിയർ സിവിൽ പൊലീസ് ഓഫീസറുടെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും ദേഹോപദ്രവം ഏല്പിച്ചതിനുമാണ് ഇയാളെ അറസ്റ്റുചെയ്തത്. സംഭവത്തെക്കുറിച്ച് പൊലീസ് പറയുന്നതിങ്ങനെ: ശാർക്കര കാളിയൂട്ടിലെ മുടിയുഴിച്ചിൽ ചടങ്ങിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി വലിയ ഏലായിലെ ആൽത്തറ വൃത്തിയാക്കിക്കൊണ്ടിരുന്ന നാട്ടുകാർക്കെതിരെ പ്രതി അസഭ്യവർഷം നടത്തുകയും വൃത്തിയാക്കിയ ആൽത്തറ നശിപ്പിക്കുകയും ചെയ്തു. ഈ വിവരം നാട്ടുകാർ പൊലീസ് സ്റ്റേഷനിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെയെത്തിയ സീനിയർ സി.പി.ഒ ഹരിയെ ഇയാൾ കൈയേറ്റം ചെയ്യുകയുമായിരുന്നു. ചിറയിൻകീഴ് സ്റ്റേഷൻ ഹൗസ് ഓഫീസർ നിയാസ്, എസ്.ഐ ജയൻ, എ.എസ്.ഐ സജു, പൊലീസുകാരായ ശരത്, പ്രശാന്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ റിമാൻഡ് ചെയ്തു.

SREE NARAYANA TRUSTS, KOLLAM

TENDER NOTICE

Competitive tenders in sealed cover super scribing the name of work and the name of contractor are invited for the following work from the registered contractors by the secretary, S.N.Trusts, Kollam.

The tender will be sold upto 1 p.m on 13-03-2019 and the same will be opened at 3 p.m on the same day by the undersigned or by the authorized officer. If the date noted happens to be a holiday, the tender will be accepted on the next working day. The work shall be awarded to the contractor having a financial capacity to execute the similar nature of the work. Any further information regarding the work can be had from the office of the Trusts Engineer, S.N.Trusts, Kollam during office hours.

S/N	NAME OF WORK	P.A.C	E.M.D	Time of Completion	Cost of Tender form
1	ROAD Formation, Construction of Security cabin and Gate to S.N GURU College of Advanced Studies, VARKALA	Rs. 19,10,635/-	Rs. 50,000	3 Months	1500/-

The tender should be accompanied by a preliminary agreement executed in stamp paper worth Rs. 200/- and E.M.D. The tender without preliminary agreement and E.M.D will be rejected.

SECRETARY (Sd/-)
S.N.TRUSTS, KOLLAM.